60 (2208) ഭൂമി ലഭിക്കുന്നതിനായി കിൻഫ്രയിൽ രജിസ്റ്റർ ചെയ്തവർ

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വ്യവസായം തുടങ്ങുന്നതിന് ഭൂമി ലഭിക്കുന്നതിനായി കിൻഫ്രയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിരുന്നു;

(ബി) അതിനുള്ള നടപടിക്രമം പൂർത്തിയാക്കി ഭൂമിയുടെ അലോട്ട്മെന്റ് വാങ്ങിയവർ എത്ര പേരുണ്ട്;

(സി) ഇവരിൽ ആരെങ്കിലും വ്യവസായം തുടങ്ങിയോ? എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായസംരംഭകർ ഭൂമി ലഭിക്കുന്നതിനായി കിൻഫ്രയിൽ രജിസ്റ്റർ ചെയ്തു;

(ഇ) അതിനുള്ള നടപടിക്രമം പൂർത്തിയാക്കി ഭൂമിയുടെ അലോട്ട്മെന്റ് വാങ്ങിയവർ എത്ര പേരുണ്ട്;

(എഫ്) അവരിൽ ആരെങ്കിലും വ്യവസായം തുടങ്ങിയോ? തുടങ്ങിയെങ്കിൽ എവിടെയെല്ലാം എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 54 പേർ.

(ബി) 7 പേർ.

(സി) കിൻഫ്രാ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തവരിൽ എറണാകുളത്ത് മെ. കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻ (പ്രൈ.ലി..) വ്യവസായയൂണിറ്റ് സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചിട്ടുണ്ട്.

(ഡി) 32 പേർ.

(ഇ) 24 പേർ.

(എഫ്) ഇവർ ആദ്യഗഡു ഭൂമി വില നൽകി വ്യവസായം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

61 (2209) ചേലിയ ഖാദി കേന്ദ്രത്തിലെ ജീവനക്കാർ

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേലിയ ഖാദി കേന്ദ്രത്തിൽ എത്രപേർ ജോലിചെയ്യുന്നുണ്ട്;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ഫൈബർ ഇല്ലാത്തതുകൊണ്ട് ആഴ്ചകളോളമായി പണിയില്ലാതിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേലിയ ഖാദി കേന്ദ്രം ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേന്ദ്രത്തിലെ മുഴുവൻ തൊഴിലാളികൾക്കും തൊഴിൽകിട്ടത്തക്ക വിധത്തിൽ ഏതെങ്കിലും പുതിയ പദ്ധതി അവിടെ ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) 25 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) സ്ലൈവർ ലഭിക്കാതിരുന്നതിനാൽ 1999 ജൂലൈ മാസത്തിൽ ഒരുമാസത്തോളം പണിയില്ലാതിരുന്നിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കൾ ലഭ്യമാകുകയാണെങ്കിൽ മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കും. മുടങ്ങാതെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

62 (2210) ധർമ്മ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രോൽസാഹനവും സാമ്പത്തിക സഹായവും നൽകാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) അനാഥ വൃദ്ധ സംരക്ഷണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രോൽസാഹനം നൽകേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഓർഫനേജിലെ അന്തേവാസികൾക്കായി വർഷം തോറും നടത്തിവരുന്ന കലാകായിക മൽസരങ്ങൾക്ക് (ഓർഫനേജ് ഫെസ്റ്റ്) സർക്കാർ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും സർക്കാർ അനുമതി നൽകുകയും ചെയ്ത അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ വീതം മെയിന്റനൻസ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിലെ (വൃദ്ധസദനം) ഓരോ അന്തേവാസിക്കും സംരക്ഷണ ചെലവായി പ്രതിമാസം 250 രൂപയും വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും നല്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly